**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6** **16-09-2025 - ൽ മറുപടിയ്ക്ക്**

**ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക സംബന്ധിച്ച പ്രവൃത്തി പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലാർക്ക്- ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് -ക്ലാർക്ക് തസ്തികകൾ തുടരേണ്ടതുണ്ടോ; അതോ പകരം ക്ലാർക്ക് തസ്തികകളായി മാറ്റാമോ എന്ന വിഷയം പരിശോധിക്കുന്നതിന് വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തിയ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.6) വകുപ്പ് പ്രവൃത്തി പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; ഇല്ലെങ്കിൽ പ്രവൃത്തി പഠനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലർക്ക് - ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് - ക്ലർക്ക് തസ്തികകളുടെ അനിവാര്യത/ ആവശ്യകത സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.2) വകുപ്പിൽ നടന്നുവരുന്ന പ്രവൃത്തിപഠനം ഇപ്പോൾ വിവിധ ഓഫീസുകൾ സന്ദർശിച്ചുള്ള വിവരശേഖരണഘട്ടത്തിലാണ്.<br>സംസ്ഥാനത്ത് ഭൂരിഭാഗം ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വന്ന സാഹചര്യത്തിലാണ് പ്രവർത്തി പഠനം നടത്തുന്നതിനു തീരുമാനിച്ചിട്ടുള്ളത്. |
| (ബി) | ക്ലാർക്ക്- ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്- ക്ലാർക്ക് തസ്തിക നിർത്തലാക്കുന്നത് വർഷംതോറും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്കുകളിൽ നിന്നുള്ള കോമേഴ്സ്യൽ പ്രാക്ടീസ് കോഴ്സും കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സും പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ. (കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് &കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയും പാസ്സായി ഒരു ജോലിയ്ക്കായി കാത്തിരിക്കുന്ന അൻപതിനായിരത്തിലധികം വരുന്ന ഉദ്യോഗാർത്ഥികളുടെ സർക്കാർ ജോലി നേടുന്നതിനുള്ള അവസരം നഷ്ടപ്പെടുത്തുന്നതാണ് എന്ന വിഷയം പ്രവൃത്തി പഠനം നടത്തുന്ന ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.6) വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലർക്ക് - ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് - ക്ലർക്ക് തസ്തികകളുടെ അനിവാര്യത/ ആവശ്യകത സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ. 2) വകുപ്പിൽ നടന്നുവരുന്ന പ്രവൃത്തിപഠനം ഇപ്പോൾ വിവിധ ഓഫീസുകൾ സന്ദർശിച്ചുള്ള വിവരശേഖരണഘട്ടത്തിലാണ്.<br>സംസ്ഥാനത്ത് ഭൂരിഭാഗം ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വന്ന സാഹചര്യത്തിലാണ് പ്രവർത്തി പഠനം നടത്തുന്നതിനു തീരുമാനിച്ചിട്ടുള്ളത്. |
| (സി) | മുപ്പതിലധികം വരുന്ന സർക്കാർ വകുപ്പുകളിലെ ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ലാത്ത ചെറിയ ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക്- ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് -ക്ലാർക്ക് തസ്തിക നിർത്തലാക്കുന്നത് ഈ ചെറിയ ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കും എന്ന വിഷയം പ്രവൃത്തി പഠനം നടത്തുന്ന | (സി) | വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലർക്ക് - ടൈപ്പിസ്റ്റ്/ ടൈപ്പിസ്റ്റ് - ക്ലർക്ക് തസ്തികകളുടെ അനിവാര്യത/ ആവശ്യകത സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ. 2) വകുപ്പിൽ നടന്നുവരുന്ന പ്രവൃത്തിപഠനം ഇപ്പോൾ വിവിധ ഓഫീസുകൾ സന്ദർശിച്ചുള്ള വിവരശേഖരണഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | ഉദ്യോഗസ്ഥ ഭരണപരിഷ്കാര (എ.ആർ.6) വകുപ്പ് പരിശോധിച്ചിട്ടുണ്ടോ, വ്യക്തമാക്കാമോ; | | സംസ്ഥാനത്ത് ഭൂരിഭാഗം ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വന്ന സാഹചര്യത്തിലാണ് പ്രവർത്തി പഠനം നടത്തുന്നതിനു തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | ക്ലാർക്ക്- ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് -ക്ലാർക്ക് ( വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം പ്രസിദ്ധീകരിക്കേണ്ടതില്ലെന്ന് പി.എസ്.സി.യോട് ആവശ്യപ്പെടുന്ന 21.08.2025 ലെ ഉപ.സി3/59/2024/പി&എ.ആർ.ഡി. നമ്പർ കത്ത് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ഡി) | പ്രവൃത്തി പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഇ) | പ്രവൃത്തി പഠനത്തിന്റെ പേരിൽ തടഞ്ഞ് വച്ചിരിക്കുന്ന ക്ലാർക്ക്- ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ്- ക്ലാർക്ക് വിജ്ഞാപനം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | പ്രവൃത്തി പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ